# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1992 15.07.16 -ൽ മറുപടിക്ക്

## നദികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പഠനങ്ങളിലൂടെ എന്തെല്ലാമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ നദികളെക്കുറിച്ച് ഇറിഗേഷൻ ഡിപ്പാർട്ടമെന്റ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, റെയിൽ ഇൻഡ്യ ടെക്നിക്കൽ ആന്റ് എക്കണോമിക് സർവീസസ് തുടങ്ങിയ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ ആറുകളെപ്പറ്റി സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റും എൻഡബ്ല്യൂപിഎയും പഠനം നടത്തിയിട്ടുണ്ട്. റെയിൽ ഇൻഡ്യ ടെക്നിക്കൽ ആന്റ് എക്കണോമിക് സർവീസസ് കരമനയാറിനെപ്പറ്റിയും പഠിച്ചിട്ടുണ്ട്. ഇറിഗേഷൻ ആന്റ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുകൾ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭാരതപ്പുഴയുടെയും അതിന്റെ കൈവഴികളുടെയും പഠനം നടത്തിയിട്ടുണ്ട്. കൂടാതെ മറ്റ് നദികളെപ്പറ്റിയും പഠനം പല സമയങ്ങളിലായി നടന്നിട്ടുണ്ട്. നദികളിലെ നീരൊഴുക്ക് കുറയുന്നതും മലിനീകരണവും അധികമായ മണൽ വാരൽ തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നദികളിലെ നീരൊഴുക്ക് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിലയിരുത്തി | (ബി) നദികളിലെ നീരൊഴുക്ക് വേനൽക്കാലത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽപ്പാടത്തിന്റെ വിസ്തൃതിയിൽ വന്ന കുറവും |

| | | | |
|---|---|---|---|
| | യിട്ടുണ്ടോ; വിശദമാക്കുമോ; | | കാലാവസ്ഥയിലെ മാറ്റവും ഭൂവിനിയോഗത്തിൽ വന്ന മാറ്റവുമാണ് നദികളിലെ നീരൊഴുക്ക് കുറയുന്നതിന് കാരണം. |
| (സി) | സംസ്ഥാനത്തെ നദികളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | ഈ കാര്യത്തിൽ ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ തുടങ്ങിയവ പണിതും, നദികളിൽ വെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാനും, പെട്ടെന്ന് വെള്ളം കടലിലേക്ക് ഒഴുകി പോകുന്നതും തടയാൻ സാധിക്കുന്നതാണ്. എല്ലാ നദികളിലും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച്, നദികളുടെ വശങ്ങൾ(Side Protection) കെട്ടി സംരക്ഷിക്കുന്നുണ്ട്. എല്ലാ നദികൾക്കും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ